# തലശ്ശേരി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം
### ക്രിസ്മസ് പരീക്ഷ 2016 - 2017

**ക്ലാസ്സ് : XI** **സമയം : 2 മണിക്കൂർ**
**തീയതി : 18-12-2016** **മാർക്ക് : 70**

---

**ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** **6**

1. വിസ്മയങ്ങളുടെ കലവറയായ പ്രപഞ്ചത്തിലെ അത്ഭുത പ്രതിഭാസം. (ഭൂമി, ജീവൻ, സൂര്യൻ)
2. "നിരപരാധികളെ വധിക്കാൻ അനുവദിക്കുന്ന ഒരു രാഷ്ട്രം ഒരിക്കലും ലോകത്തിൽ ഒന്നാമതാകില്ല". ആരുടെ വാക്കുകളാണ്. (വി. മദർ തെരേസ, വി. ജോൺ പോൾ രണ്ടാമൻ, ഫ്രാൻസിസ് മാർപാപ്പ)
3. കാർഷിക വൃത്തിയെയും വികസ്വര രാജ്യങ്ങളെയും കുറിച്ച് പ്രതിപാദിക്കുന്ന ചാക്രികലേഖനം. (നൂറാം വർഷം, ജനതകളുടെ പുരോഗതി, മാതാവും ഗുരുനാഥയും)
4. ഉത്തമ മനഃസാക്ഷി രൂപപ്പെടുത്തുന്നതിൽ ഏറ്റവും വലിയ സ്ഥാനമുള്ളത്? (കുടുംബത്തിന്, ബൈബിളിന്, സഭയ്ക്ക്)
5. മാതാവിന്റെ ഉദരത്തിൽ നിനക്ക് രൂപം നൽകുന്നതിന് മുൻപ് ഞാൻ നിന്നെ അറിഞ്ഞു. ദൈവം ആരോടാണ് ഈ വചനം അരുളിചെയ്തത്? (ജറമിയ, ഏശയ്യ, എസക്കിയ)
6. ഏഷ്യയിലെ ഏക കത്തോലിക്ക രാജ്യം. (ജപ്പാൻ, ശ്രീലങ്ക, ഫിലിപ്പൈൻസ്)

**പൂരിപ്പിക്കുക** **6**

7. മനഃസാക്ഷിയുടെ സ്വരമനുസരിച്ച് ജീവിക്കുന്നവർക്ക് ഒരു മാതൃകയായി ................ നിലകൊള്ളുന്നു.
8. പരമനന്മയായ ദൈവത്തിലെത്തിച്ചേരുകയാണ് മനുഷ്യന്റെ.........
9. ജീവസംസ്കാരത്തിന്റെ പിള്ളത്തൊട്ടിൽ ...................... ആണ്
10. ക്രൈസ്തവ വിവാഹത്തിന്റെ സവിശേഷതയായി......................... നിലകൊള്ളുന്നു.
11. തൊഴിലിൽ ഏർപ്പെടുന്ന സകലരും ................. പൂർത്തിയാക്കാൻ സഹകരിക്കുന്നു.
12. ദൈവശാസ്ത്രത്തിന്റെ പിതാവെന്ന് വിശേഷിപ്പിക്കപ്പെടുന്ന വിശുദ്ധൻ ..................ആണ്.

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **8**

13. ജാന്ന ബെറേത്ത മോളയെ വിശുദ്ധയായി പ്രഖ്യാപിച്ച മാർപാപ്പ.
14. "മനുഷ്യജീവനെ അതിന്റെ ഉത്ഭവത്തിന്റെ ആദ്യനിമിഷം മുതൽ അതീവ ശ്രദ്ധയോടെ സംരക്ഷിക്കണം". എന്നു പറയുന്ന രണ്ടാം വത്തിക്കാൻ പ്രമാണരേഖ.
15. ജീവസംസ്കാരത്തിന്റെ പ്രചാരകർ.
16. "നിങ്ങളുടെ അലമാരയിൽ നിങ്ങൾ സൂക്ഷിച്ചിരിക്കുന്ന അപ്പം നിങ്ങളുടേതല്ല, അത് വിശക്കുന്നവരുടേതാണ്" എന്നു പറഞ്ഞ വിശുദ്ധൻ.
17. സാമൂഹ്യനീതിയുടേയും ദൈവികനീതിയുടേയും പ്രവാചകൻ.
18. മനഃസാക്ഷിയെ നന്മയിൽ നിലനിർത്തുന്ന നിർണ്ണായക ശക്തി.
19. 'പേർത്തൂർത്താ' എന്ന വാക്കിന്റെ അർത്ഥം.
20. മാർത്തോമാ നസ്രാണികളുടെ പ്രധാന മെത്രാന് കൊടുത്തിരുന്ന സ്ഥാനപ്പേര്.

**ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക** **10**

21. മനഃസാക്ഷി എന്നാലെന്ത്?
22. ബ്രഹ്മചാരികളുടെ പ്രത്യേകതയെന്ത്?
23. വിവാഹജീവിതത്തിലൂടെ സ്ത്രീപുരുഷന്മാരെ ദൈവം വിളിക്കുന്നതെന്തിന്?
24. തൊഴിൽ എന്നാലെന്ത്?
25. സമ്പത്തിനെ സംബന്ധിച്ച ക്രൈസ്തവമായ കാഴ്ചപ്പാട് എന്ത്?

**ബൈബിളിൽനിന്ന് ഉദ്ധരിക്കുക** **5**

26. ദൈവത്തിൽ ആശ്രയിക്കുന്നവരെ ദൈവം സമൃദ്ധമായി അനുഗ്രഹിക്കുന്നുവെന്ന് വ്യക്തമാക്കുന്ന വചനം സങ്കീർത്തനങ്ങളിൽ നിന്ന് (സങ്കീ: 23:1).

27. അധ്വാനത്തിന്റെ മഹത്വം വ്യക്തമാക്കികൊണ്ട് അധ്വാനിക്കുന്ന വരെ ആശ്വസിപ്പിക്കുവാൻ അടുത്തുവിളിക്കുന്ന ഈശോയുടെ വചനം മത്തായിയുടെ സുവിശേഷത്തിൽനിന്ന് (മത്താ: 11:21).

**ഉത്തരമെഴുതുക**

28. ക്രിസ്തീയ മനഃസാക്ഷി രൂപീകരണത്തിന് മാർഗ്ഗദർശകമായ ഘടകങ്ങൾ ഏവയെന്നു വ്യക്തമാക്കുക. **3**
29. തൊഴിലിന്റെ സാമൂഹികമാനമെന്ത്? എല്ലാതൊഴിലും മാന്യത യുള്ളതാണ് എന്ന കാഴ്ചപ്പാട് സമൂഹത്തിൽ വളർത്തിയെടു ക്കാൻ നിങ്ങൾ എന്തുചെയ്യും? **4**
30. ലൈംഗികത ദൈവദാനമാണ്. സമർത്ഥിക്കുക. **4**
31. സമ്പത്ത് സമ്പാദനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം? അനധികൃത സ്വത്ത് സമ്പാദനത്തോടുള്ള നിങ്ങളുടെ മനോഭാവം ആനുകാലിക സംഭവങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരു ത്തുക. **4**
32. ജീവസംസ്കാരം വളർത്താൻ നാമെന്തെല്ലാം ചെയ്യണം? **5**
33. കാരുണ്യപ്രവൃത്തികൾ ആദ്ധ്യാത്മികം എഴുതുക. **5**
34. ആന്തരിക ലൈംഗിക തിന്മകൾ ഏതെല്ലാം? അതിൽനിന്ന് മുക്തി നേടുന്നതെങ്ങനെ? **5**
35. ലൈംഗികബന്ധത്തിന് വിവാഹംവരെ കാത്തിരിക്കുന്നതിന്റെ നേട്ടങ്ങളെന്തെല്ലാം? **5**